**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2429 | 19-6-2013-ൽ മറുപടിക്ക്

**ജലനിധി രണ്ടാം ഘട്ട പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ.<br>ശ്രീ. വി.റ്റി. ബൽറാം.<br>ശ്രീ. ഹൈബി ഈഡൻ. | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ജലനിധി രണ്ടാം ഘട്ടത്തിലൂടെ ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ മേഖലയിൽ, പദ്ധതികൾ രൂപീകരിക്കാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | കേരളത്തിലെ ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിലെ ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കൂടി കുടിവെള്ളവും 7 ലക്ഷത്തോളം ആളുകൾക്ക് ശുചിത്വ സംവിധാനവും ലഭ്യമാക്കുന്ന ലോകബാങ്ക് സഹായത്തോടെയുള്ള രണ്ടാം ഘട്ട കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ പദ്ധതിക്ക് (ജലനിധി-II) 2011 ഡിസംബറിൽ തുടക്കമിട്ടു. കുടിവെള്ള വിതരണത്തോടൊപ്പം പദ്ധതി പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാമീണജനതയെ സജ്ജമാക്കുന്നതോടൊപ്പം പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ആസൂത്രണവും രൂപകൽപനയും നടത്തിപ്പും |

| | | | |
|---|---|---|---|
| | | | പരിപാലനവും എങ്ങിനെയായിരിക്കണമെന്ന് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണമായ അവകാശം ജനങ്ങളിൽ നിക്ഷിപ്തമാകുന്ന ജനകീയ പദ്ധതിയുമാണ് ഇത്. സാധാരണ കുടിവെള്ള പദ്ധതികളിൽ നിന്നും വ്യത്യസ്തമായി കമ്മീഷൻ ചെയ്യുന്ന പദ്ധതിയുടെ പരിപാലനവും ഉടമസ്ഥതയും ഗ്രാമപഞ്ചായത്തുകൾക്കും ജനകീയ സമിതികൾക്കും സ്വന്തമാകുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയ സമിതികളെയും ശാക്തീകരിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും പദ്ധതിയുടെ ഭാഗമാണ്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | ലോകബാങ്ക് സഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ പങ്കാളികൾ<br>1. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി.<br>2. ഗ്രാമപഞ്ചായത്തുകൾ.<br>3. സഹായ സംഘടനകൾ.<br>4. ഗുണഭോക്തൃ സമിതികൾ.<br>മേൽപ്പറഞ്ഞവയ്ക്ക് പുറമേ മൾട്ടി ജി.പി. പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റിയും പങ്കാളിയാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ ബാച്ച് 1 ൽ തെരഞ്ഞെടുത്ത 22 ഗ്രാമപഞ്ചായത്തുകളിൽ ആസൂത്രണഘട്ടം പൂർത്തീകരിച്ച് ഇപ്പോൾ നിർമ്മാണഘട്ടത്തിലാണ്. പഞ്ചായത്ത് പ്രതിനിധികൾക്കും ഗുണഭോക്താക്കൾക്കും പദ്ധതി നടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായ പരിശീലന പരിപാടികൾ പദ്ധതി പ്രവർത്തന പുരോഗതിക്ക് അനുസൃതമായി നടത്തിയിട്ടുണ്ട്. ബാച്ച് 1ൽ 22 പഞ്ചായത്തുകളിലെ 948 ഗുണഭോക്തൃ സംഘങ്ങളിലായി 47276 കുടുംബങ്ങളാണ് |

ഇതുവരെ പദ്ധതിയിൽ അംഗമായത്.
ഇവർക്ക് ജലനിധി പദ്ധതിയിലൂടെ
കുടിവെള്ളം ലഭ്യമാക്കാനാണ്
ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേക്കായി 528
കുടിവെള്ള പദ്ധതികൾ ഇതിനോടകം
തന്നെ വിഭാവനം ചെയ്തിട്ടുണ്ട്. അതിൽ 286
പദ്ധതികളുടെ 84 സ്രോതസ്സുകൾ
പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ
പദ്ധതിക്കായി 707 ലക്ഷത്തോളം രൂപ
ഗുണഭോക്തൃവിഹിതമായി സ്വരൂപിച്ചിട്ടുണ്ട്.
കൂടാതെ 570 ലക്ഷത്തോളം രൂപ
പഞ്ചായത്തുകൾ അവരുടെ വിഹിതമായി
പദ്ധതി പ്രവർത്തനങ്ങൾക്കായി
നീക്കിവെച്ചിട്ടുണ്ട്. മേഖലാതല സെപ്റ്റേജ്
(കക്കൂസുകളിൽ നിന്നുള്ള മാലിന്യ
സംസ്കരണ യൂണിറ്റ്) സംസ്കരണ
യൂണിറ്റിനായി മലപ്പുറം
മുനിസിപ്പാലിറ്റിയിൽ സ്ഥലം
കണ്ടെത്തിയിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ്
പദ്ധതിയുമായി സഹകരിച്ച്
പരീക്ഷണാടിസ്ഥാനത്തിൽ കാസർ ഗോഡ്
ജില്ലയിലെ പുതിഗെ പഞ്ചായത്തിൽ ഭൂജല
പരിപോഷണ പ്രവർത്തനങ്ങൾ നടത്തി.
ഇത്തരം പ്രവർത്തനങ്ങൾ മറ്റ്
പഞ്ചായത്തുകളിലും നടത്തുവാൻ
ലക്ഷ്യമിട്ടിട്ടുണ്ട്.
ബാച്ച് രണ്ടിൽ ട്രൈബൽ പഞ്ചായത്തുകൾ
ഉൾ പ്പെടെ 68 പഞ്ചായത്തുകളെ
തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 65
പഞ്ചായത്തുകളിൽ പ്രാരംഭ
പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(signature)
സെക്ഷൻ ഓഫീസർ